പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 406 — 11.06.2013 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.ക്ക് സാമ്പത്തിക സഹായം

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ കെ.എസ്.ആർ.ടി.സി.ക്ക് എന്തു തുകയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട് ; വിശദാംശം നൽകാമോ ; | (എ) | ഈ സർക്കാർ, 2011 – 12 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി 42 കോടി രൂപയും, ഗ്രാന്റ് ഇൻ-എയ്ഡായി 32 കോടി രൂപയും, വായ്പയിനത്തിൽ 140 കോടി രൂപയും കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 2012 – 13 സാമ്പത്തിക വർഷം, പദ്ധതി വിഹിതമായി 57.07 കോടി രൂപയും, സബ്സിഡി ഇനത്തിൽ 28 കോടി രൂപയും, വായ്പയിനത്തിൽ 175 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. 2013 – 14 സാമ്പത്തിക വർഷത്തേയ്ക്ക് വായ്പയിനത്തിൽ 125 കോടി രൂപയും, പദ്ധതിവിഹിതമായി 59 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ, കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് 200 കോടി രൂപയുടെ അധിക സഹായം ബഹു. ധനകാര്യ വകുപ്പു മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | അയൽ സംസ്ഥാനങ്ങളിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകൾ വേൾഡ് ബാങ്ക് പോലുള്ള സ്ഥാപനങ്ങളിൽ നിന്നും സബ്സിഡി, ഗ്രാന്റ് എന്നീ സാമ്പത്തിക സഹായങ്ങളും കുറഞ്ഞ പലിശ നിരക്കിൽ ലോണും നേരിട്ട് നേടിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ മേൽപ്പറഞ്ഞ പ്രകാരം കെ.എസ്.ആർ.ടി.സി.ക്കും നേരിട്ട് സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ